പുഞ്ച കൃഷിക്കുള്ള പമ്പിംഗ് സബ്സിഡി

10 (*517) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി ഏതുവർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഏതൊക്കെ സാമ്പത്തികവർഷത്തെ പമ്പിംഗ് സബ്സിഡി കുടിശ്ശികയുണ്ടെന്നും എത്ര തുകയുണ്ടെന്നും, വർഷം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) 1998 - 99 വർഷത്തെ പമ്പിംഗ് സബ്സിഡി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) കുടിശ്ശികയുള്ള വർഷങ്ങളിലെ പമ്പിംഗ് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ,ബി,സി,ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

ശബരിമലയിൽ പരിസ്ഥിതി മലിനീകരണം മൂലം വന്യമൃഗങ്ങൾ മരണമടയുന്ന സംഭവം

11 (*518) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ക്ഷേത്രത്തിലെ സീസൺ അവസാനിക്കുമ്പോൾ പരിസ്ഥിതി മലിനീകരണംമൂലം വിഷലിപ്തമായ വെള്ളവും ആഹാരവും പ്ലാസ്റ്റിക് സാധനങ്ങളും കഴിച്ച് വന്യമൃഗങ്ങൾ മരണമടയുന്ന സംഭവം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര ആനകൾ ഇപ്രകാരം ചരിഞ്ഞിട്ടുണ്ട് ;

(സി) മൃഗങ്ങളുടെ ഇപ്രകാരമുള്ള അപ്രതീക്ഷിത മരണം തടയുവാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വർഷം ഇപ്രകാരമുള്ള വെള്ളവും ഭക്ഷ്യസാധനങ്ങളും തിന്ന് എത്ര ആനയും മറ്റു മൃഗങ്ങളും ചത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഇപ്രകാരം ഒരു സ്ഥിതിവിശേഷം നിലവിലുണ്ട് എന്ന് മുഖ്യ വനപാലകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒന്ന്.

(സി) ശബരിമലയിലേയ്ക്കുള്ള പരമ്പരാഗത വഴികൾ പ്ലാസ്റ്റിക്, ഗ്ലാസ്, പോളിത്തീൻ വിസർജ്യ വസ്തുകൾ മുതലായവ നീക്കി മലിന വിമുക്തമാക്കുന്നുണ്ട്. വിസർജ്യ വസ്തുക്കളാൽ കാട്ടിലെ അരുവികളും മറ്റും മലിനമാകാതിരിക്കാൻ താൽക്കാലികമായി ടോയിലറ്റുകളും നിർമ്മിക്കുന്നുണ്ട്. കൂടാതെ ശബരിമല ക്ഷേത്ര കാര്യങ്ങൾ നിയന്ത്രിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ദേവസ്വം അധീനതയിലുള്ള പ്രദേശത്തെ ജല മലിനീകരണം ഉൾപ്പെടെയുള്ള മലിനീകരണ വിമുക്തമാക്കുന്നതിന് നടപടികൾ കൈക്കൊള്ളാൻ വനംവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഒരു പിടിയാന മലിനജലം കുടിച്ച് ചരിഞ്ഞിട്ടുണ്ട്.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളിൽ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ വരുത്തിയ മാറ്റങ്ങൾ

12 (*519) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽ മന്ദം) :
ശ്രീമതി ജെ. മെഴ്സികുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഇനം ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളിൽ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ മാറ്റങ്ങൾ സംസ്ഥാനത്ത് ഇൻഷ്വറൻസ് മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി ആരംഭിച്ച ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളെ ഈ മാറ്റങ്ങൾ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനസർക്കാർ നടത്തിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസിന് ഈ മാറ്റങ്ങൾ ബാധകമാക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) മാറ്റങ്ങളെ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly